ND. C. 17/16, dt. 16.04.16

16.04.2016

വന്ദ്യ വൈദീകരേ, സന്യസ്തരേ, പ്രിയ സഹോദരരേ,

സഭയുടെ ചെറുപതിപ്പുകളാണ് ബിസിസി യൂണിറ്റുകൾ. ബിസിസി കളിൽനിന്ന് രൂപീകൃതമായ വിവിധ ശുശ്രൂഷകളെ പ്രവർത്തനക്ഷമമാക്കുവാൻ മൂന്ന് ഘട്ടങ്ങളിലുള്ള കർമ്മപരിപാടികൾ 2014 ഒക്ടോബർ മുതൽ സമാരംഭിച്ച് 2017 ഒക്ടോബറിൽ സംസ്ഥാനതല മിഷൻ കോൺഗ്രസ്സോടെ പരിസമാപ്തിയിലെത്തുകയാണ്. അതിന് മുന്നോടിയായി യുവജന ശുശ്രൂഷയുടെ പ്രാധാന്യം ബോധ്യപ്പെടുത്താനും ശക്തിപ്പെടുത്താനുമായി യൂത്ത് മിഷൻ കോൺഗ്രസ്സ് ഇവാഞ്ചലിസ്ത 2016 ഏപ്രിൽ 8,9,10 തിയതികളിൽ നമ്മുടെ രൂപതയുടെ ആതിഥേയത്വത്തിൽ നെയ്യാറ്റിൻകര ലോഗോസ് പാസ്റ്ററൽ സെന്ററിൽ നടന്നു. സംസ്ഥാന യുവജനസംഗമത്തിന് നിങ്ങളുടെ ഇടവകയിൽ നിന്നും ഉപ ഇടവകകളിൽ നിന്നും നൽകിയ എല്ലാ സഹകരണങ്ങൾക്കും സഹായത്തിനും നന്ദി അിറയിക്കുന്നു.

ക്രിസതുദർശനങ്ങളിൽ അധിഷ്ഠിതമായി യുവജനങ്ങളെ വളർത്തുകയും അവരെ സുവിശേഷ വാഹകരാക്കുകയുമാണ് ഇവാഞ്ചലിസ്ത 2016 ന്റെ പ്രാധാന ലക്ഷ്യം. നമ്മുടെ രൂപതയുടെ ആതിഥേയത്വത്തിൽ നടന്ന യൂത്ത് മിഷൻ കോൺഗ്രസ്സ് യുവജനങ്ങൾക്ക് ഒരു പുത്തൻ ഉണർവ്വും നവചൈതന്യവും പകർന്നുവെന്ന് പ്രത്യാശിക്കുന്നു. പ്രത്യേകമായി നമ്മുടെ രൂപതയിലെ യുവജനങ്ങൾ കെ.സി.വൈ. എം., ജീസസ്സ് യൂത്ത് എന്നീ പ്രസ്ഥാനങ്ങളിലൂടെ കൈകോർത്തു നിന്ന് കെ.ആർ. എൽ.സി.സി. വിഭാവന ചെയ്തതനുസരിച്ച് പ്രവർത്തിച്ചുവെന്നത് ശ്ലാഘനീയമാണ്. യൂത്ത് മിഷൻ കോൺഗ്രസ്സിന്റെ വിജയത്തിനായി കഴിഞ്ഞ ആറു മാസമായി പ്രവർത്തിച്ചുകൊ ിരിക്കുന്ന കെ.സി.വൈ.എം., ജീസസ്സ് യൂത്ത് എന്നീ സംഘടനകളിലെ രൂപത ഫെറോന യൂണിറ്റ് ഭാരവാഹികൾക്കും വോളന്റിയർമാർക്കും പ്രത്യേകം അഭിനന്ദനം അറിയിക്കുന്നു.

യുവജനങ്ങളുടെ വിശ്വാസാധിഷ്ഠിതമായ വളർച്ചയാണ് സഭയുടെ വളർച്ചക്ക് നിദാനം എന്ന് മനസ്സിലാക്കി യുവജനങ്ങളെ പ്രോത്സാഹിപ്പിക്കുകയും വളർത്തുകയും യൂത്ത് മിഷൻ കോൺഗ്രസ്സിനും മിഷൻ റാലിക്കും വേ സഹായങ്ങൾ ചെയ്ത വൈദീകർക്കും സന്യസ്തർക്കും രൂപതാ പാസ്റ്ററൽ കൗൺസിൽ, ഫെറോന കൗൺസിൽ, വിവിധ സംഘടന (കെ.സി.വൈ.എം., കെ.എൽ.സി.ഡബ്ള്യു.എ., ലീജിയൻ ഓഫ്, സെന്റ് വിൻസന്റ് ഡി പോൾ )കളുടെ രൂപത, ഫെറോന, ഇടവകാ തല പ്രവർത്തകർക്കും നന്ദി അിറയിക്കുന്നു. 2016 ഏപ്രിൽ 8-ാം തിയതി അഭിവന്ദ്യ വരാപ്പുഴ മെത്രാപ്പോലിത്ത ഫ്രാൻസിസ് കല്ലറക്കൽ പിതാവ് ഉദ്ഘാടനം ചെയ്ത യൂത്ത് മിഷൻ കോൺഗ്രസ്സ് ഏപ്രിൽ 10-ാം തിയതി ഉച്ചകഴിഞ്ഞ് പതിനായിരത്തിലധികം പേരെ പങ്കെടുപ്പിച്ചുകൊ ുള്ള വമ്പിച്ച യുവജന മിഷൻ റാലിയോടെ സമാപിപ്പിക്കാനായിരുന്നു ക്രമീകരണം നടത്തിയിരുന്നത്. എന്നാൽ ഏപ്രിൽ 10-ാം തിയതി അതിരാവിലെ 3 മണിക്ക് കൊല്ലം പരവൂർ പുറ്റിങ്ങൽ ക്ഷേത്രത്തിലു ായ നാടിനെ നടുക്കിയ വെടിക്കെട്ട് സ്ഫോടനവും അതേത്തുടർന്ന് 106 പേരുടെ ജീവൻ പൊലിയുകയും ചെയ്ത അതിദാരുണമായ സംഭവത്തോട് അനുശോചനം അിറയിച്ചുകൊ ും പ്രസ്തുത ദേശീയ ദുഃഖത്തിൽ പങ്കുചേർന്നുകൊ ും യുവജന മിഷൻ റാലി മാറ്റിവയ്ക്കുകയു ായി. മിഷൻ റാലിക്കായി ഏറെ ഒരുങ്ങിയിട്ടും സാഹചര്യ

ങ്ങൾ മനസ്സിലാക്കി ദേശത്തിന്റെ വേദനയോട് ഒന്നുചേർന്ന് സാഹചര്യങ്ങളോട് പ്രത്യുത്തരിച്ച എല്ലാ യുവജനങ്ങളെയും ഞാൻ അഭിനന്ദിക്കുന്നു. ലക്ഷക്കണക്കിന് രൂപയുടെ നഷ്ടവും കഴിഞ്ഞ ആറു മാസത്തെ ഒരുക്കങ്ങളും അധ്വാനവും സഹിച്ചു കൊ ് ദേശീയ ദുരന്തത്തിൽ പങ്കുചേർന്ന് മിഷൻ റാലി ഉപേക്ഷിച്ച രൂപത, ഫെറോന, യൂണിറ്റ് ഭാരവാഹികളെയും യുവജനങ്ങളെയും ഭാരവാഹികളെയും നന്ദിയോടെ ഓർക്കുന്നു. ഒരുപക്ഷേ ഇവാഞ്ചലിസ്ത 2016 ന്റെ വിജയം ദേശീയ ദുരന്തത്തോട് പ്രത്യുത്തരിക്കാൻ നമ്മുടെ യുവജനങ്ങൾ പ്രാപ്തരായി എന്നതിലാകാം. നമ്മുടെ ദേശം ദുഃഖിക്കുമ്പോൾ ക്രൈസ്തവർക്ക് ആഹ്ലാദിക്കാനാവില്ല. കരയുന്നവന്റെ കണ്ണുനീർ ഒപ്പുന്നതിലൂടെയാണ് യുവജനങ്ങൾ സുവിശേഷ വാഹകരാകുന്നത്. ഈ ദുരന്തമറിഞ്ഞതിനുശേഷം മറ്റു മതസ്ഥർ അവരുടെ ആഘോഷങ്ങളുടെ പൊലിമ കുറയ്ക്കാതിരുന്നിട്ടും കത്തോലിക്കാ യുവജനങ്ങൾ പ്രസ്തുത ദുരന്തത്തെ ഹൃദയത്തിൽ സ്വീകരിച്ച് ആഘോഷങ്ങൾ മാറ്റിവച്ചത് ശ്ലാഘനീയമാണ്. ഇവാഞ്ചലിസ്ത 2016 ന്റെ ചൈതന്യം എല്ലാ യുവജനങ്ങളെയും ശക്തിപ്പെടുത്തട്ടെയെന്ന് പ്രാർത്ഥിക്കുന്നു. നമ്മുടെ രൂപതയിലെ യുവജന ശുശ്രൂഷയെ ശക്തിപ്പെടുത്താൻ എല്ലാ യുവജനങ്ങളും ഇനിയും ത്യാഗപൂർവ്വം പ്രവർത്തിക്കണമെന്ന് ഞാൻ ആഹ്വാനം ചെയ്യുന്നു. അതിനു കർത്താവ് നിങ്ങളെ അനുഗ്രഹിക്കട്ടെ.

നെയ്യാറ്റിൻകര
16.04.2016

സ്നേഹാശംസകളോടെ

റൈറ്റ് റവ. ഡോ. വിൻസെന്റ് സാമു
വൽ
നെയ്യാറ്റിൻകര രൂപതാ മെത്രാൻ

N.B. വൈദീകർ ഈ സർക്കുലർ 2016 ഏപ്രിൽ 17 ഞായറാഴ്ച നമ്മുടെ രൂപതയിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി സമയത്ത് വായിച്ച് വിശദീകരിക്കുക.